(സി) ഇപ്പോൾ പരിഗണനയിലില്ല.

ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ നിലവാരത്തകർച്ച കാണപ്പെട്ട വിഷയങ്ങൾ

91 [2403] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പി. ജെ. ജോയി:
,, ജോർജ് ജെ. മാത്യു:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ വിദ്യാർത്ഥികളിൽ ഏതെല്ലാം വിഷയങ്ങളിലാണ് നിലവാരത്തകർച്ച കാണപ്പെട്ടത്;

(ബി) അടുത്ത വർഷം മുതൽ ഈ വിഷയങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) 10% ത്തിൽ താഴെ മാത്രം വിജയം നേടാനായ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് പറയുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ കണക്കിനാണ് കൂടുതൽ കുട്ടികൾക്കും താഴ്ന്ന ഗ്രേഡുകൾ ലഭിച്ചത്.

(ബി) കണക്കിന് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് ഈ വർഷം മുതൽ അദ്ധ്യാപകർക്കും കുട്ടികൾക്കും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. കൂടാതെ നിലവിലുള്ള ഗണിത പാഠ്യപദ്ധതി ലളിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് എസ്. സി. ഇ. ആർ. ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഗ്രേഡിംഗ് സമ്പ്രദായത്തിൽ വിജയമോ തോൽവിയോയില്ല. ഉന്നതപഠനത്തിന് അപേക്ഷിക്കാൻ അർഹതയില്ലാത്തവിധം വളരെ കൂടുതൽ വിദ്യാർത്ഥികൾക്ക് താഴ്ന്ന ഗ്രേഡുകൾ ലഭിച്ച സ്കൂളിലെ ഹെഡ്മാസ്റ്റർമാരുടെ യോഗം വിളിച്ച് ചേർത്ത് പി. റ്റി. എ.-യുടേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ പഠനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്കൂൾ തലത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസ്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിലെ ഉദ്യോഗസ്ഥർ സ്കൂളിലെ പഠന ബോധന പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തും. പ്രയാസമേറിയ പാഠഭാഗങ്ങളുടെ സംശയദൂരീകരണത്തിനായി ജില്ലയിലെ ഡി. ആർ. ജി.-മാരുടെ സേവനം ലഭ്യമാക്കുന്നതാണ്. സ്കൂൾ സമയത്തിനു മുമ്പും പിമ്പും അവധി ദിവസങ്ങളിലും പ്രത്യേക ക്ലാസുകൾ നടത്തിയും കുട്ടികൾക്ക് റിഫ്രഷ്മെന്റ് നൽകുന്നതിനുമുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly